# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2692 | 06.11.2019 -ൽ മറുപടിയ്ക്ക്

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി : | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും എന്തൊക്കെ യെന്ന് വിശദമാക്കാമോ; | എ) കേരള സംസ്ഥാനത്ത് വിവിധ കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ, ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി രൂപീകരിച്ച സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ നടത്തിപ്പിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.<br>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം രൂപീകരിച്ച ക്ഷേമനിധിയിൽ നിക്ഷിപ്തമായിരിക്കുന്ന കാര്യങ്ങളുടെ ഭരണ നിർവ്വഹണം നടത്തുക, പദ്ധതി പ്രകാരം കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പ്രചോദനവും പിൻബലവും പ്രോത്സാഹനവും നൽകുക, ഉപജീവനത്തിനായി കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ വിഭിന്നമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, ഇവയുടെ കണക്കുകളും രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുക, കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകരുടെ ക്ഷേമത്തിന് ആവശ്യമായ പൊതു മാർഗ്ഗരേഖകൾ തയ്യാറാക്കുക, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ ഭരണ നിർവ്വഹണത്തിന് ആവശ്യമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക, ബോർഡിന്റെ ആഡിറ്റ് ചെയ്ത വാർഷിക സാമ്പത്തികകാര്യ സ്റ്റേറ്റ്മെന്റ് സർക്കാരിന് സമർപ്പിക്കുക, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കുക |

| | |
|---|---|
| | എന്നിവയാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ. അർഹരായ ക്ഷേമനിധി അംഗങ്ങൾക്ക് പ്രതിമാസ പെൻഷൻ, ചികിത്സാ സഹായം, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ചെലവ്/സഹായം, ഫാമിലി പെൻഷൻ എന്നിവ നൽകി വരുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെ യെന്ന് വിശദമാക്കാമോ? | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമനിധിയുടെ മൂലധനം 70 ലക്ഷം രൂപയിൽ നിന്നും 15 കോടിയായി ഉയർത്തി ബാങ്കിൽ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നു.<br>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷൻ തുക പ്രതിമാസം 1000/- രൂപ ആയിരുന്നത് 3000/- രൂപ ആയി വർദ്ധിപ്പിച്ചു. ഫാമിലി പെൻഷൻ 750 രൂപ എന്നത് 1100/- രൂപയായി വർദ്ധിപ്പിച്ചു. ചികിത്സാ ധനസഹായം പരമാവധി 75,000/- രൂപയിൽ നിന്ന് 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചു. പെൻഷൻ ലഭ്യമാകുന്നവരുടെ എണ്ണം 1500 ൽ നിന്ന് 3000 ആയി വർദ്ധിപ്പിച്ചു. 105 പേർക്ക് ഫാമിലി പെൻഷനും നൽകുന്നു. കാസർഗോഡ്, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട എന്നീ 7 ജില്ലകളിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിനായി സാംസ്കാരിക സംഗമം നടത്തി. 60 വയസ്സ് കഴിഞ്ഞ കലാകാരന്മാർക്ക് ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുന്നതിനുള്ള കാലപരിധി രണ്ട് വർഷം കൂടി ദീർഘിപ്പിച്ച് എല്ലാ മേഖലയിലുമുള്ള കലാകാരന്മാരെയും ഉൾപ്പെടുത്തി. 60 വയസ്സ് പൂർത്തിയായ എല്ലാ അംഗങ്ങൾക്കും പെൻഷൻ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ എണ്ണം 10584 ൽ നിന്നും 14025 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**